**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മങ്കര ഗ്രാമപഞ്ചായത്ത് - 2005-06 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.7, 3.8, 3.9 സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ. (സാധാ) നം.3649/15/തസ്വഭവ. തിരുവനന്തപുരം, തീയതി: 5/12/2015

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 11/05/2015-ലെ എം3-13072/15 നമ്പർ കത്ത്.
2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 24/07/2015-ലെ L.F. 7569/P.T2/15 നമ്പർ കത്ത്.

### ഉത്തരവ്

പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7, 3.8, 3.9 എന്നിവ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം 1 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ തീരുമാനവും, ഭരണസമിതി തീരുമാനവും ആഡിറ്റ് പരാമർശങ്ങളുടെ പകർപ്പും, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി തീരുമാനവും സഹിതം പഞ്ചായത്ത് ഡയറക്ടർ അനുകൂല ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമപഞ്ചായത്ത് 2005-2006 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7 പ്രകാരം എസ്.ജി.ആർ.വൈ പദ്ധതി പ്രകാരം പൂർത്തീകരിച്ച അത്യക്കാട് കൊയിലത്തും പടി റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവർത്തിയ്ക്ക് ചെലവഴിച്ച 10,827/-രൂപയുടേയും ഖണ്ഡിക 3.8 പ്രകാരം ചുള്ളിപ്പാടം പടിഞ്ഞാറേ പരിയശ്ശേരി റോഡ് നിർമ്മാണ പദ്ധതിയിൽ 29,703/-രൂപയുടേയും ഖണ്ഡിക 3.9 പ്രകാരം ഭരതക്കാട് ഐ എച്ച് ഡി പി കോളനി റോഡ് പ്രവൃത്തിയ്ക്ക് 5,068/- രൂപയുടേയും ഭക്ഷ്യ ധാന്യം എസ്.ജി.ആർ.വൈ മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിച്ച് അധികധാന്യം അനുവദിച്ചുവെങ്കിലും സമാന പരാമർശങ്ങൾക്ക് സ.ഉ (സാധാ) 2629/12/തസ്വഭവ തീയതി 18-09-2012 പ്രകാരം സാധൂകരണം നൽകിയിട്ടുള്ളതിനാൽ മേൽ ചെലവുകൾക്ക് സാധൂകരണം നൽകുന്നതിന് എതിരഭിപ്രായമില്ലെന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ വിവരിച്ച വസ്തുതകളുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായത്തിന്റെയും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷത്തിലെ ഖണ്ഡിക 3.7 പ്രകാരം ചെലവഴിച്ച 10,827/-(പതിനായിരത്തി എണ്ണൂറ്റി ഇരുപത്തിയേഴ് രൂപ മാത്രം) രൂപ, ഖണ്ഡിക 3.8 പ്രകാരം ചെലവഴിച്ച 29,703/-(ഇരുപത്തി ഒൻപതിനായിരത്തി എഴുനൂറ്റിമൂന്ന് രൂപ മാത്രം) രൂപ, ഖണ്ഡിക 3.9 പ്രകാരം ചെലവഴിച്ച 5,068/-(അയ്യായിരത്തി അറുപത്തിയെട്ട് രൂപ മാത്രം) രൂപ

എന്നീ ചെലവുകൾക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ടി. വിജയൻ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
സെക്രട്ടറി, മങ്കര ഗ്രാമപഞ്ചായത്ത്, പാലക്കാട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരി ക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ